**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681</u>** **<u>19-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മണ്ണിടിച്ചിൽ മേഖലയിൽ നിന്നും മാറ്റിപ്പാർപ്പിക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ, കുറുമ്പലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട മുട്ടിയേൽ, ചെട്ടിയാം പാറ എന്നീ സ്ഥലങ്ങളിൽ 2018-19 കാലഘട്ടത്തിലുണ്ടായ ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും മൂലം 10 കുടുംബങ്ങളെ അവിടെ നിന്നും മാറ്റി പാർപ്പിക്കണമെന്നാവശ്യപ്പെട്ട് ജില്ല കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ താലൂക്കിലെ കുറുമ്പിലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട 1) ശ്രീമതി.ശ്രീലത, W/o.ചന്ദ്രൻ, 2) ശ്രീ.ഹസ്സൻ സി.ജെ ചെട്ടിയാൻ തൊടിക, 3) ശ്രീമതി.സുബൈദ D/o മുഹമ്മദ്, 4)ശ്രീമതി.രജിത, w/o ഗണേഷ്, 5) ശ്രീമതി.സീതാ ദേവി W/o. ശിവശങ്കരൻ, 6) ശ്രീ.അബു മുട്ടിയേൽ, 7) ശ്രീമതി.തങ്കമ്മ അളക്കൽ, 8) ശ്രീ.രാജൻ s/oമാനൻ, 9)ശ്രീ.ചെറിയ പെരകൻ, 10) ശ്രീമതി. രത്തമ്മ W/o മുണ്ടോടൻ ശേഖരൻ എന്നീ 10 പേരുടെ അപേക്ഷകളിന്മേൽ ജില്ലാ വിദഗ്ധ സമിതി സ്ഥല പരിശോധന നടത്തി സ്ഥിരമായി മാറ്റിപ്പാർപ്പിക്കണമെന്ന് ജില്ലാ വിദഗ്ധ സമിതി ശുപാർശ സമർപ്പിച്ചിരുന്നു. ഇതിൽ 1)ശ്രീമതി.രജിത w/o.ഗണേഷ് കുമാർ, 2) ശ്രീ.രാജൻ S/o.മാനൻ, 3)ശ്രീ.ചെറിയ പെരകൻ, 4)ശ്രീമതി.രത്തമ്മ W/o മുണ്ടോടൻ ശേഖരൻ എന്നീ 4 കുടുംബങ്ങൾക്ക് 09.08.2024 തിയതിയിലെ സ.ഉ(സാധാ)നം. 591/2024/ഡി.എം.ഡി ഉത്തരവ് പ്രകാരം പുനരധിവാസത്തിനായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അവരിൽ എത്ര കുടുംബങ്ങളെ പ്രസ്തുത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പുനരധിവാസത്തിന്റെ തൽസ്ഥിതി താഴെ ചേർക്കുന്നു.<br><br>1) **ശ്രീമതി.രജിത w/o. ഗണേഷ് കുമാർ -** സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ വീടിന്റെ മേൽക്കൂര നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 2 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>2)**ശ്രീ. രാജൻ S/o.മാനൻ-** സ്ഥലം വാങ്ങി ആധാരത്തിന്റെ കരട് സമർപ്പിച്ചിട്ടുള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയിൽ |

| | | | |
|---|---|---|---|
| | | | 5,94,440/- രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ബാക്കിയുള്ള 5,560/- രൂപയും തുടർന്ന് ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയും ഗഡുക്കൾ ആയി അനുവദിക്കുന്നതാണ്.<br><br>3) **ശ്രീ.ചെറിയ പെരകൻ-** സ്ഥലം വാങ്ങി ആധാരത്തിന്റെ കരട് സമർപ്പിച്ചിട്ടുള്ളതിനാൽ സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപയിൽ 5,94,440/- രൂപ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ബാക്കിയുള്ള 5,560/- രൂപയും തുടർന്ന് ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയും ഗഡുക്കൾ ആയി അനുവദിക്കുന്നതാണ്.<br><br>4) **ശ്രീമതി.രത്നമ്മ W/o മുണ്ടോടൻ ശേഖരൻ** - സ്ഥലം വാങ്ങുന്നതിനുള്ള 6 ലക്ഷം രൂപ അനുവദിച്ചു. ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപ ഗഡുക്കൾ ആയി അനുവദിക്കുന്നതാണ്. |
| (സി) | ഇനിയും പ്രസ്തുത പ്രദേശത്ത് എത്ര കുടുംബങ്ങൾ ബാക്കിയുണ്ടെന്നും അവരെ മാറ്റി പാർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പുനരധിവാസം എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ? | (സി) | ജില്ലാ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം ബാക്കിയുള്ള 6 കുടുംബങ്ങളെ താൽകാലികമായി മാറ്റിപ്പാർപ്പിക്കുന്നതിനായാണ് ശുപാർശ ചെയ്തിട്ടുള്ളത്. ഓരോ മഴക്കാലം വരുമ്പോഴും മാറിത്താമസിക്കേണ്ട സാഹചര്യം ആണെന്നും പരിഹാരം കാണണമെന്നും കാണിച്ച് 1) ശ്രീമതി.ശ്രീലത W/oചന്ദ്രൻ, 2)ശ്രീമതി. സുബൈദ D/o.മുഹമ്മദ്, 3) ശ്രീമതി.സീതാ ദേവി W/o ശിവശങ്കരൻ, 4) ശ്രീ.അബു മുട്ടിയേൽ, 5) ശ്രീമതി.തങ്കമ്മ ആലക്കൽ എന്നവരുടെ മകൻ ശ്രീ. ജയ്സൻ ആലക്കൽ എന്നീ 5 പേർ നിലമ്പൂർ തഹസിൽദാർ മുൻപാകെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദഗ്ധ സമിതിയുടെ പുനഃപരിശോധന ആവശ്യപ്പെട്ട് കൊണ്ട് നിലമ്പൂർ തഹസിൽദാർ മലപ്പുറം ജില്ലാ കലക്ടർക്ക് ശുപാർശ സമർപ്പിച്ചിട്ടുള്ളതും അതിൻമേൽ തുടർ നടപടി സ്വീകരിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ